05
2025
ജൂൺ
വ്യാഴം
ഇടവം 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.156 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-156 പേജ് 4. വില 2.00 രൂപ

02 നാടിനായി ഒരു തൈ നടാം

03 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ നവോത്ഥാനത്തിന്റെ പാതകൾ: മന്ത്രി

04 ലോകപരിസ്ഥിതി ദിനാഘോഷം : മന്ത്രി ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും

# വിജയാഘോഷം വൻദുരന്തത്തിൽ

## ■ തിക്കിലും തിരക്കിലും 11 മരണം,
## ■ 33 പേർക്ക് പരിക്ക്
## ■ മരിച്ചവരിൽ മലയാളിയും



ബംഗളൂരു: ഐപിഎൽ കിരീട ജേതാക്കളായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന്റെ സ്വീകരണ പരിപാടിക്കിടെയുണ്ടായ ഉന്തിലും തള്ളിലുമുണ്ടായ മരണസംഖ്യ 11ആയി.

ചിന്നസ്വാമി സ്റ്റേഡിയത്തിന് സമീപമാണ് അപകടമുണ്ടായത്. 50 പേർ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. പരിക്കേറ്റവരെ ബൗറിംഗ് ആശുപത്രിയിലും ലേഡി കഴ്സൺ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ഇവരിൽ മൂന്ന് പേരുടെ നില ഗുരുതരമാണെന്നാണ് ലഭിക്കുന്ന വിവരം. മരിച്ചവരിൽ ഒരു സ്ത്രീയുമുണ്ട്.

ബോധരഹിതരായി നിലത്തുവീണ് ആളുകൾ ചവിട്ടേറ്റും ശ്വാസം മുട്ടിയുമാണ് മരിച്ചത്. ടീം അംഗങ്ങൾ വിജയ റാലിയായി വരുന്നതിന് മുൻപ് തന്നെ സ്റ്റേഡിയത്തലേക്ക് ആളുകളെ കയറ്റാൻ ആരംഭിച്ചിരുന്നു. ഇതിനിടെയാണ് ഉന്തുംതള്ളുമുണ്ടായത്.

ആരാധകരുടെ തിരക്ക് കണക്കിലെടുത്ത് ടീമിന്റെ തുറന്ന വാഹനത്തിലെ റോഡ് ഷോയ്ക്ക് പോലീസ് അനുമതി നിഷേധിച്ചിരുന്നു. അനിഷ്ട സംഭവങ്ങൾക്ക് സാധ്യതയുള്ളതിനാലാണ് പോലീസ് അവസാനനിമിഷം അനുമതി നിഷേധിച്ചത്. എന്നാൽ പിന്നീട് അനുമതി നൽകുകയായിരുന്നു.

തിരക്ക് പരിഗണിച്ച് ഉച്ചയ്ക്ക് മൂന്ന് മുതൽ വിധാൻ സൗധയ്ക്കും ചിന്നസ്വാമി സ്റ്റേഡിയത്തിനും സമീപമുള്ള റോഡുകളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി പോലീസ് അറിയിച്ചു. ചിന്നസ്വാമി സ്റ്റേഡിയത്തിൽ ആറ് മുതൽ ഒൻപതുവരെ നീളുന്ന പരിപാടികളാണ് ടീം സംഘടിപ്പിച്ചിരിക്കുന്നത്.

### മരിച്ചവരിൽ മലയാളിയും

കണ്ണൂർ സ്വദേശി ശിവലിംഗ്(17) ആണ് മരിച്ചത്.

അതേസമയം, അപകടത്തിൽ മരിച്ച മറ്റ് ഏഴ് പേരെയും തിരിച്ചറിഞ്ഞിട്ടുണ്ട്. പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവർ അപകടനില തരണം ചെയ്തുവെന്ന് അധികൃതർ അറിയിച്ചു.

സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ.

'ഈ സംഭവത്തെ ന്യായീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ സർക്കാർ ഇതിൽ രാഷ്ട്രീയം കളിക്കില്ല. ഞാൻ ഒരു മജിസ്ട്രേറ്റ് തലത്തിലുള്ള അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. 15 ദിവസത്തെ സമയം നൽകിയിട്ടുണ്ട്. ആളുകൾ സ്റ്റേഡിയത്തിന്റെ ഗേറ്റുകൾ പോലും തകർത്തു. തിക്കിലും തിരക്കിലും പെട്ടു. ഇത്രയും വലിയ ജനക്കൂട്ടം ആരും പ്രതീക്ഷിച്ചിരുന്നില്ല. സ്റ്റേഡിയത്തിൽ 35,000 പേർക്ക് മാത്രമേ ഇരിക്കാൻ കഴിയൂ, പക്ഷേ 23 ലക്ഷം ആളുകൾ എത്തി. ' സിദ്ധരാമയ്യ പറഞ്ഞു.

ബംഗളൂരു നഗരത്തിൽ ലഭ്യമായ മുഴുവൻ പോലീസ് സേനയെയും വിന്യസിച്ചിരുന്നു. തീർച്ചയായും, ഈ ദുരന്തം സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. ഇരകൾക്കൊപ്പമാണ് തങ്ങളെന്നും കർണാടക മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ദുരന്തത്തിന് പിന്നാലെ കർണാടക ഉപമുഖ്യമന്ത്രി ഡി. കെ. ശിവകുമാർ, ആഭ്യന്തര മന്ത്രി ജി. പരമേശ്വര എന്നിവർക്കൊപ്പം നടത്തിയ അടിയന്തര പത്രസമ്മേളനത്തിലാണ് സിദ്ധരാമയ്യ ഇക്കാര്യങ്ങൾ പങ്കുവച്ചത്.

# പ്രതീക്ഷ വീണ്ടും ചതിച്ചു

## അദാനിയുടെ ടഗ്ഗ് രക്ഷകനായി അവതരിച്ചു: മറ്റൊരു കടൽ ദുരന്തം ഒഴിവായി

വിഴിഞ്ഞം : രക്ഷകൻ ജീവൽ പ്രതീക്ഷകൾ തകർക്കുന്നു. കടലപകടത്തിൽ മൽസ്യത്തൊഴിലാളികളെ രക്ഷപ്പെടുത്താൻ ഫിഷറീസ് വകുപ്പ് കോടികൾ മുടക്കി നിർമ്മിച്ചതാണ് പ്രതീക്ഷയെന്ന രക്ഷാബോട്ട് അഥവാ ആംബുലൻസ്. പക്ഷേ ഇതു തീരക്കടലിലും പുറം കടലിലും ഓടിക്കാൻ കൊള്ളില്ലന്നാണ് ഇതുവരെയുള്ള അനുഭവം പറയുന്നത്. അതു സത്യമാണ് എന്നതിന് ഒരു ഉദാഹരണം മാത്രമാണ് ഇന്ന് വിഴിഞ്ഞു പുറം കടലിൽ കണ്ടത്. അദാനിയുടെ ടഗ്ഗ് യഥാസമയം ചെന്നില്ലായിരുന്നുവെങ്കിൽ കേരള തീരം മറ്റൊരു കടൽ ദുരന്തത്തിനും സാക്ഷിയായേനേ..

അടിമലത്തുറയിൽ അപകടത്തിൽപ്പെട്ട മത്സ്യതൊഴിലാളികളെ രക്ഷിക്കാൻ പോയ മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രതീക്ഷ എന്ന ബോട്ട് യന്ത്രതകരാറിനെത്തുടർന്നു കടലിൽ കുടുങ്ങിയിരുന്നു. നഴ്സിങ് സ്റ്റാഫ് ഉൾപ്പെടെ 9 ഉദ്യോഗസ്ഥർ ബോട്ടിൽ ഉണ്ടായിരുന്നു. ഇന്നു രാവിലെ 8 മണിയോടെ മറൈൻ എൻഫോഴ്സ്മെൻറ് അറിയിപ്പ് ലഭിച്ച ഉടൻ വിഴിഞ്ഞം പോർട്ടിലെ ടഗ് ബോട്ട് ഡോൾഫിൻ 26 സംഭവസ്ഥലത്തെത്തി. പ്രതികൂല കാലാവസ്ഥയിൽ 3 മണിക്കൂർ നീണ്ട ശ്രമങ്ങൾക്കൊടുവിൽ പ്രതീക്ഷയെ സുരക്ഷിതമായി പോർട്ട് ബെർത്തിൽ എത്തിച്ചു.



# മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ധനസഹായം മാത്രമല്ല ആത്മീയ പിന്തുണ കൂടിയാണ്: മന്ത്രി

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഭാവി ശക്തമാക്കാനുള്ള ശ്രമങ്ങളാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുന്നോട്ട് വയ്ക്കുന്നതെന്നും ബോർഡിന്റെ സേവനം ധനസഹായം മാത്രമല്ലെന്നും ആത്മീയ പിന്തുണയാണെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരം കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് കമ്മ്യൂണിറ്റി ഹാളിൽ നടന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മക്കൾക്കുള്ള വിദ്യാഭ്യാസ കായിക അവാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസത്തിനും കായികവിഭാഗത്തിനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കായി നിരവധി ക്ഷേമ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

അപകടമരണ ഇൻഷുറൻസിൽ നിന്ന് വാർദ്ധക്യകാല പെൻഷനും വിദ്യാഭ്യാസകായിക പ്രോത്സാഹന പദ്ധതികളിലേക്കുള്ള പ്രവേശനവും ഉൾപ്പെടെ, മത്സ്യത്തൊഴിലാളികളുടെ എല്ലാ തലങ്ങളിലും സ്പർശിക്കുന്ന 39 പദ്ധതികൾ ബോർഡ് നടത്തിവരുന്നുണ്ട്. 2025ലെ എസ്എസ്എൽസി, പ്ലസ് ടു, ജിആർ എഫ് ടി എച്ച് എസ്, കായികവിജയങ്ങൾ തുടങ്ങിയതിൽ ഉയർന്ന നേട്ടങ്ങൾ കൈവരിച്ചവർക്കായി ആകെ 69.26 ലക്ഷം രൂപയുടെ ക്യാഷ് അവാർഡുകളും മെമെന്റോകളും ഒമ്പത് തീരദേശ ജില്ലകളിലായി വിതരണം ചെയ്യുകയാണ്.

തിരുവനന്തപുരം ജില്ലയിലെ 316 വിജയികൾക്കായി 13,84,000 രൂപയുടെ ക്യാഷ് അവാർഡുകളും മെമെന്റോകളുമാണ് വിതരണം ചെയ്യുന്നത്. അവാർഡുകൾ കുട്ടികൾക്കു മാത്രമല്ല, അവരുടെ കുടുംബങ്ങൾക്കും സമൂഹത്തിനും അഭിമാനത്തിന്റെ സൂചകമാണെന്നും മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസം ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അനിവാര്യമായ ഒന്നാണെന്നും വിദ്യാഭ്യാസം സാമ്പത്തിക ഭദ്രത മാത്രമല്ല, സാമൂഹിക ഉന്നമനവും ആത്മവിശ്വാസവും നൽകുമെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

മത്സ്യബന്ധന മേഖലയിൽ ഒട്ടേറെ വെല്ലുവിളികൾ നേരിടുന്നവരാണ് നമ്മുടെ മത്സ്യത്തൊഴിലാളികൾ. അവരുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസം നേടാൻ അവസരം ഒരുക്കുക എന്നത് നമ്മുടെ കടമയാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ അവർക്ക് നല്ലൊരു ഭാവിയും സുരക്ഷിതമായ ജീവിതവും കെട്ടിപ്പടുക്കാൻ കഴിയൂ.

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളാരും അനാഥരല്ലെന്നും അവർക്കൊപ്പം സർക്കാർ ഉണ്ടെന്നും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എത്ര വേണമെങ്കിലും സൗജന്യമായി പഠിക്കാൻ സൗകര്യമൊരുക്കിയ രാജ്യത്തെ തന്നെ ഏക സംസ്ഥാനമായി കേരളത്തെ മാറ്റിയ സർക്കാരാണിതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# അനിമേഷൻ പഠനം വിസ്മയാസ് മാക്സിൽ മാത്രം! വിസ്മയാസ്മാക്സ് അനിമേഷൻസ് തിരുവനന്തപുരം

അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഈ ആധുനിക സങ്കേതങ്ങളിലെ പരിശീലനത്തിന് കഴിഞ്ഞ ഇരുപതു വർഷമായി മോഹൻലാലിന്റെ ഉടമസ്ഥതയിൽ നിലനിൽക്കുന്ന ഇന്ത്യയ്ക്കകത്തെ ഏറ്റവും പ്രമുഖ സ്ഥാപനമാണ് വിസ്മയാസ്മാക്സ് അനിമേഷൻസ്. തികച്ചും വ്യത്യസ്തവും നൂതനവുമായ പ്രവർത്തനരീതികൊണ്ട് കേന്ദ്രസർക്കാരിൻറെ മീഡിയ ആൻറ് എൻറർടൈയിൻമെൻറ് വിഭാഗത്തിൻറെ അംഗീകാരമായ 'സെൻറർ ഓഫ് എക്സലൻസ്' പദവിയും വിസ്മയാസ് മാക്സിൻറെ മാറ്റ് കൂട്ടിയിട്ടുണ്ട്. വിസ്മയാസ് മാക്സിൽ പഠനത്തിനായി പ്രവേശിക്കുന്ന വിദ്യാർത്ഥികളുടെ കരിയർ സംബന്ധിയായ വളർച്ചയ്ക്കൊപ്പം വ്യക്തിത്വവികാസത്തിനും ഊന്നൽ നൽകികൊണ്ടുള്ള വളരെ വിപുലമായ പാഠ്യരീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്.

ഇൻറർനാഷണൽ ബ്ലെൻഡർ ഫൗണ്ടേഷന്റെ ഇന്ത്യയിലെ കോർപ്പറേറ്റ് ട്രെയിനറാണ് വിസ്മയാസ് മാക്സ്, മാത്രമല്ല അനിമേഷൻ വിഷ്വൽ എഫക്ട്സിൽ BSc., MSc എന്നിവയോടൊപ്പം NSDC സർട്ടിഫിക്കറ്റ് കോഴ്സും ചേർത്തിട്ടുണ്ട്. ദൂരെ ദേശങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് മികച്ച ലേഡീസ്, ജെൻറ്സ് ഹോസ്റ്റൽ സൗകര്യവും വിസ്മയാസ് മാക്സിൽ ഉണ്ട്. 100% തിയറി/പ്രാക്ടിക്കൽ സിലബസിൽ നടക്കുന്ന ക്ലാസ്സുകളിൽ ഒരുക്കിയിരിക്കുന്ന ഹൈഎൻഡ് ഡിജിറ്റൽ ലാബും മോഷൻ ക്യാപ്ചർ ടെക്നോളജിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും സിനിമോട്ടോഗ്രാഫിയും ഫോട്ടോഗ്രാഫിയും എഡിറ്റിങ്ങും ഫിലിം പ്രൊഡക്ഷൻ യൂണിറ്റും സ്റ്റുഡിയോ ഫ്ലോറും ഫ്രഞ്ച് എംബസി അടക്കമുള്ള മികച്ച സ്ഥാപനങ്ങൾ നൽകുന്ന ലാംഗ്വേജ് ക്ളാസ്സുകളും വിസ്മയാസ് മാക്സിന്റെ മാത്രം പ്രത്യേകതയാണ്. വിസ്മയാസ് മാക്സിൽ നടക്കുന്ന തുടരെത്തുടരെയുള്ള സാംസ്കാരിക പരിപാടികൾ കുട്ടികൾക്ക് സാംസ്കാരിക നായകരെയും പ്രൊഫഷണലുകളെയും അടുത്തറിയാൻ അവസരം നൽകുന്നു.

NSDC, ബ്ലെൻഡർ ഫൗണ്ടേഷൻ, മീഡിയ ആൻഡ് എൻറർടൈയിൻമെൻറ് സ്കിൽ കൗൺസിൽ എന്നിവയുടെ അംഗീകാരം വിസ്മയാസ് മാക്സിലെ പഠനത്തെ കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുന്നു. ഇൻഡസ്ട്രിയിലെ ഏറ്റവും മികച്ച പ്രൊഫഷണലുകളാൽ നൽകപ്പെടുന്ന നൂതന ടെക്നോളജിയോട് കൂടിയ ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് പഠന അവസാനത്തിൽ തന്നെ പ്ലേസ്മെൻറ് ഉറപ്പാക്കിക്കൊടുക്കുന്നു. വർഷങ്ങളുടെ പ്രവർത്തന പരിചയം വിസ്മയാസ് മാക്സിൽ ജോയിൻ ചെയ്യുന്ന വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതവും ഭദ്രവുമാക്കുന്നു.

പുതിയകാല തൊഴിൽ സാഹചര്യങ്ങളിൽ മീഡിയ, സിനിമ, അനിമേഷൻ, ഗയിമിംഗ് മേഖലകളിൽ ഉയർന്ന ശമ്പളത്തോടെ തിളങ്ങാനുള്ള അതിബൃഹത്തായ അവസരമാണ് വിസ്മയാസ് മാക്സിലെ ചിട്ടയോടെയുള്ള കഠിനപരിശീലനത്തിലൂടെ കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിന് ലഭിക്കുന്നത്. അനിമേഷൻ വിദ്യാഭ്യാസമെന്നാൽ വിസ്മയാസ് മാക്സിലെ വിദ്യാഭ്യാസം എന്ന് പറയാവുന്ന രീതിയിൽ ഉന്നതഗുണ മേന്മയിലാണ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഈ മികച്ച സ്ഥാപനം. വിസ്മയാസ്മാക്സ് അനിമേഷൻസിൽ ഈ അദ്ധ്യായന വർഷത്തെ ബി.എസ്.സി., അനിമേഷൻ & വിഷ്വൽ എഫക്ട്സ് കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. മൂന്നു വർഷത്തെ അന്താരാഷ്ട്ര സിലബസിലുള്ള പരിശീലനത്തിന് ഹോസ്റ്റൽ സൗകര്യവും മികച്ച പ്രൊഡക്ഷൻ ഇന്റേൺഷിപ്പ് ട്രെയിനിംഗും വിദ്യാഭ്യസ വായ്പാ സൗകര്യവുമുണ്ട്. ഈ കോഴ്സിൽ ചേരുവാനായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8281702020, 0471 2727456. ഓൺലൈൻ ആപ്ലിക്കേഷൻ ഫോമിനായി www.vismayasmaxanimations.com സന്ദർശിക്കുക.



# നാടിനായി ഒരു തൈ നടാം



പിണറായി വിജയൻ
മുഖ്യമന്ത്രി

ജീവിതത്തെയും പ്രകൃതിയെയും ഉർവ്വരമാക്കി നിലനിർത്തുന്ന ജൈവ സ്രോതസ്സാണ് നമ്മുടെ പരിസ്ഥിതി. ഏതൊരു ജനതയുടെയും അസ്തിത്വവും അതിനെ നിർണ്ണയിക്കുന്ന ആവാസവ്യവസ്ഥയും പരിസ്ഥിതിയിലെ സുപ്രധാന ഘടകമാണ്. പ്രകൃതിവിഭവങ്ങൾ എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. അതിനാൽ പാരിസ്ഥിതിക ചൂഷണത്തെ ചെറുക്കേണ്ടത് നാമേവരുടേയും ധാർമിക ഉത്തരവാദിത്തമാണ്. അതുകൊണ്ടുതന്നെ നമ്മുടെ പരിസ്ഥിതിയുടെ പുനഃസ്ഥാപനവും സുസ്ഥിരതയും സഗൗരവം ചർച്ച ചെയ്യപ്പെടേണ്ട രാഷ്ട്രീയ വിഷയം കൂടിയാണ്. പരിസ്ഥിതിബോധം പൊതുമണ്ഡലത്തിന്റെ സവിശേഷ ശ്രദ്ധയിലെത്തിക്കുന്നതിനായി രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകളിലേക്ക് പരിസ്ഥിതി രാഷ്ട്രീയത്തിന്റെ സന്ദേശം എത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

നമ്മുടെ നാട്ടിലെ പാരിസ്ഥിതിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി നാം അവലംബിക്കുന്ന ശാസ്ത്ര പ്രതിവിധികളും അവയുടെ പരിമിതികളും പരിശോധിച്ചാൽ ബോധപൂർവമുള്ള പരിസ്ഥിതി സംരക്ഷണമാണ് പ്രശ്നപരിഹാരത്തിന് ഏറ്റവും ഉത്തമമെന്ന് മനസ്സിലാകും. ആഗോളതാപനം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും നേരിടാൻ സ്വീകരിക്കുന്ന ശാസ്ത്രീയമാർഗ്ഗങ്ങൾ, അവയുടെ ഫലസിദ്ധിയിലെ കാലതാമസത്തിലേക്കും സമ്പൂർണ്ണതയിലേക്കും വിരൽ ചൂണ്ടുമ്പോൾ പരിസ്ഥിതിയിൽ പ്രശ്നം സൃഷ്ടിച്ചശേഷം പരിഹാരം തേടുന്നതിനേക്കാൾ പരിസ്ഥിതിയെ സംരക്ഷിച്ചു നിലനിർത്തുന്നതിൽ ശ്രദ്ധ വയ്ക്കുന്നതാണ് അഭികാമ്യമെന്ന് ബോധ്യമാകും. പരിസ്ഥിതി പഠനം മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമായി തന്നെ കാണേണ്ടതിന്റെ ആവശ്യകതയും ഇതു വ്യക്തമാക്കുന്നു.

ലോകത്ത് എല്ലായിടത്തുമെന്നതുപോലെ പരിസ്ഥിതിയും വികസനവും കേരളീയ സമൂഹത്തിനു മുന്നിലും സജീവ ചർച്ചയാണ്. ജനങ്ങളുടെ ജീവിതവുമായി പരിസ്ഥിതിയ്ക്കുള്ള ബന്ധത്തെ നിഷേധിക്കുന്ന നിലപാടല്ല സർക്കാരിനുള്ളത്. മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്ന വികസന സമീപനമാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടനപത്രികയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, പരിസ്ഥിതി ബജറ്റ് അവതരിപ്പിച്ച സർക്കാരാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിയിൽ ചെലുത്തുന്ന ആഘാതങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും അവ തിരുത്തുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനുമുള്ള ആസൂത്രണ ഉപാധിയായി പരിസ്ഥിതി ബജറ്റ് മാറി. യുക്തിചിന്തയും ശാസ്ത്രബോധവും അടിസ്ഥാനമാക്കി മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ ഊട്ടിയുറപ്പിക്കുന്ന സർക്കാർ കാഴ്ചപ്പാടിന്റെ നിദർശനമാണിത്.

അതുകൊണ്ടുതന്നെ കേരളത്തിന്റെ പരിസ്ഥിതിയെ സുസ്ഥിരവും സമഗ്രവുമായി വീണ്ടെടുക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പരിസ്ഥിതി പുനഃസ്ഥാപനത്തിനായി ഒരു മിഷൻ തന്നെ പ്രവർത്തിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. 2016-ൽ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച ഹരിതകേരളം മിഷൻ ജലസ്രോതസ്സുകളുടെ സംരക്ഷണം, ശാസ്ത്രീയ മാലിന്യസംസ്കരണം, ജൈവവൈവിധ്യ സംരക്ഷണം തുടങ്ങിയ സുപ്രധാന പാരിസ്ഥിതിക പ്രവർത്തനങ്ങൾ നിർവഹിച്ചു വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടേയും നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കി ഇന്ത്യയ്ക്കാകെ മാതൃകയായി മാറിയ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ കേരളത്തിന്റെ വിജയമാണ്.

ഈ വർഷത്തെ ലോക പരിസ്ഥിതിദിനത്തിന്റെ സന്ദേശം പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ളതാണ്. കാടും, കടലും, കരയും ഒരുപോലെ പ്ലാസ്റ്റിക് മലിനീകരണ ഭീഷണി നേരിടുന്ന അവസ്ഥയാണിന്ന്. അതുകൊണ്ടുതന്നെ പ്ലാസ്റ്റിക്കിന്റെ ഉൽപാദനവും ഉപയോഗവും അത്യാവശ്യങ്ങൾക്കു മാത്രമായി നിജപ്പെടുത്തുകയാണ് നാം ചെയ്യേണ്ടത്. പ്ലാസ്റ്റിക്കിലേതുൾപ്പെടെ ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന ഡിസ്പോസബിൾ വസ്തുക്കൾ പൂർണമായും ഒഴിവാക്കണം. ഹരിത പെരുമാറ്റച്ചട്ടം ജീവിതശൈലിയാക്കി മാറ്റിവേണം പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതത്തെ പ്രതിരോധിക്കാൻ.

ജലസംരക്ഷണവും പരിസ്ഥിതി സംരക്ഷണത്തിൽ ഏറെ പ്രധാനമാണ്. മഴക്കാലത്ത് പ്രളയവും മഴ കഴിഞ്ഞാൽ വരൾച്ചയും അനുഭവപ്പെടുന്ന സ്ഥിതിയാണ് ഇപ്പോൾ നമ്മുടെ നാട്ടിലുള്ളത്. ഒട്ടും ആശാവഹമല്ല ഇത്. പുഴകളിലെയും നീർച്ചാലുകളിലെയും മാലിന്യങ്ങൾ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് കടുത്ത വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. പുഴകളും നീർച്ചാലുകളും വീണ്ടെടുക്കാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന 'ഇനി ഞാനൊഴുകട്ടെ' എന്ന ജനകീയ ക്യാമ്പയിൻ ഇതിനകംതന്നെ പ്രകടമായ ഗുണഫലങ്ങളാണ് സൃഷ്ടിച്ചത്. രണ്ടു ഘട്ടങ്ങളിലായി ആവർത്തിച്ചു വൃത്തിയാക്കിയ ഇടങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് 92,429 കി.മീ. ദൂരം നീർച്ചാലുകൾ ശുചീകരിച്ച്, സുഗമമായ നീരൊഴുക്ക് പുനഃസ്ഥാപിച്ചു. 412 കി.മീ. നീളത്തിൽ പുഴകൾ ശുചീകരിച്ചു. 29,254 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 24,645 കുളങ്ങൾ നിർമ്മിച്ചു. 737 സ്ഥിരം തടയണകളും 76,123 താൽക്കാലിക തടയണകളും നിർമ്മിച്ചു. മണ്ണിടിച്ചിലും ഉരുൾപൊട്ടലും ലഘൂകരിക്കാനായി പശ്ചിമഘട്ട പ്രദേശങ്ങളിൽ നീർച്ചാൽ മാപിംഗ് നടത്തി നീരൊഴുക്ക് വീണ്ടെടുക്കുന്ന സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിൻ പ്രവർത്തനങ്ങളും പ്രത്യേക പരാമർശമർഹിക്കുന്നു.

ജൈവ വൈവിധ്യങ്ങളുടെ സംരക്ഷണവും പ്രകൃതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ സുപ്രധാനമാണ്. നാടിന്റെ പച്ചപ്പ് തിരിച്ചുകൊണ്ടു വരികയാണ് ഇതിലെ പ്രധാന ദൗത്യം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന തരിശുഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള പച്ചത്തുരുത്ത് പദ്ധതി ഇതിൽ ശ്രദ്ധേയമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ സാന്നിധ്യം കൊണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കുന്നതിനുമുള്ള പ്രായോഗിക ഇടപെടലാണ് പച്ചത്തുരുത്ത്. കഴിഞ്ഞ ആറു വർഷക്കാലയളവിലായി 1173.49 ഏക്കർ വിസ്തൃതിയിൽ 3657 പച്ചത്തുരുത്തുകൾ ഇതുവരെയായി സംസ്ഥാനത്ത് വച്ചുപിടിപ്പിച്ചു. പൊതു സ്ഥലങ്ങളുൾപ്പെടെ തരിശുസ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും നട്ടുവളർത്തി സ്വാഭാവിക ജൈവവൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ആഗോളതാപനം ആശങ്കാജനകമായി കുതിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനങ്ങൾക്കു കാരണമായ ഈ പ്രതിഭാസത്തെ ഫലപ്രദമായി പ്രതിരോധിച്ചില്ലെങ്കിൽ സ്ഥിതി കൂടുതൽ ഗുരുതരമാകും. കാർബൺ ന്യൂട്രൽ കേരളം അഥവാ നെറ്റ് സീറോ എമിഷൻ അവസ്ഥയിലേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പുരോഗമിക്കുകയാണ്. രാജ്യം 2070ൽ നെറ്റ് സീറോ എമിഷൻ അവസ്ഥയിലെത്താൻ ലക്ഷ്യമിടുമ്പോൾ, കേരളം 2050 ൽ തന്നെ ഈ അവസ്ഥ കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം മുൻനിർത്തിയാണ് 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിൻ നടപ്പാക്കി വരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 10 സ്ഥാപനങ്ങൾ ഇതിനോടകം ഈ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനാധാരമായ കാടുകളും അവിടെ വസിക്കുന്ന ജീവജാലങ്ങളും സംരക്ഷിക്കപ്പെടണം. അതിവേഗം നഗരവത്ക്കരണം നടക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങളിൽ മരങ്ങൾ ഇല്ലാതാകുന്നത് ആശങ്കാജനകമാണ്. പ്രകൃതിക്കും സഹജീവികൾക്കും അനുഗുണമാകുംവിധം 'ഒരു തൈ നടാം' എന്ന പേരിൽ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന ജനകീയ ക്യാമ്പയിന് ഇന്ന് സംസ്ഥാനത്ത് തുടക്കമാവുകയാണ്. ജൂൺ 5 ന് ആരംഭിച്ച് സെപ്തംബർ 30 ന് സമാപിക്കുംവിധമാണ് ഈ ക്യാമ്പയിൻ വിഭാവനം ചെയ്തിട്ടുള്ളത്.

വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന, സർക്കാർ ജീവനക്കാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യരാഷ്ട്രീയ സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങി സമസ്ത ജനവിഭാഗങ്ങളെയും അണിനിരത്തി നിശ്ചിത സമയത്ത് ലക്ഷ്യം നേടാനുതകുംവിധം ഈ ക്യാമ്പയിനും വിജയിപ്പിക്കാൻ നമുക്ക് കഴിയണം.

പരിസ്ഥിതി സൗഹൃദപരമായ ജീവിതശൈലി സ്വീകരിച്ച്, വരും തലമുറകൾക്ക് വേണ്ടി ഒരു നല്ല നാളെ കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

## ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പ്രവേശനം തുടങ്ങി

സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്തുന്ന രണ്ടു വർഷത്തെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് ഡിപ്ലോമ കോഴ്സിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിനർഹത നേടിയിട്ടുള്ളവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാം. എസ്.എസ്.എൽ.സി / തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ആകെ ഗ്രേഡ് പോയിന്റിനോടൊപ്പം ഇംഗ്ലീഷിനു ലഭിച്ച ഗ്രേഡ് പോയിന്റ് കൂടി ചേർത്ത് അന്തിമ ഗ്രേഡ് പോയിന്റ് കണക്കാക്കും. പ്ലസ് ടു, വി.എച്ച്.എസ്.ഇ / തത്തുല്യ പരീക്ഷ പാസ്സായവർക്ക് ശരാശരി ഗ്രേഡ് പോയിന്റിനോടൊപ്പം 1 ഗ്രേഡ് പോയിന്റ് അധികമായി നൽകും.ഭിന്നശേഷിയുള്ളവർക്ക് 5 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. പ്രത്യേക സംവരണമായി ഓരോ സ്ഥാപനത്തിലും ഒരു സീറ്റുവീതം യുദ്ധത്തിൽ മരണമടഞ്ഞ സൈനികരുടെ വിധവകൾക്കായി സംവരണം ചെയ്തിരിക്കുന്നു. എസ്.സി/ എസ്.ടി, ഒഇസി, എസിഇബിസി വിഭാഗങ്ങളിലെ അപേക്ഷകർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള സംവരണവും മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണവും ലഭിക്കും.

പൊതു വിഭാഗങ്ങൾക്ക് 100 രൂപയും, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 50 രൂപയുമാണ് അപേക്ഷ ഫീസ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി www.polyadmission.org/gci മുഖേന വൺ ടൈം രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കണം. വൺ ടൈം രജിസ്ട്രേഷൻ പൂർത്തിയാക്കുമ്പോൾ ലഭിക്കന്ന ലോഗിൻ വഴി വിവിധ ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലേയ്ക്ക് ഓപ്ഷൻ സമർപ്പിക്കാം.വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസും കോഴ്സ് നടത്തപ്പെടുന്ന ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ വിവരങ്ങളും അനുബന്ധങ്ങളും www.polyadmission.org/gci യിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ജൂൺ 30 വരെ അപേക്ഷിക്കാം.

വൺ ടൈം രജിസ്ട്രേഷൻ / ഓൺലൈൻ അപേക്ഷ സമർപ്പണം / ജി സി ഐ പ്രവേശനം തുടങ്ങിയവയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് എല്ലാ സ്ഥാപനങ്ങളിലെയും ഹെൽപ്പ്ഡസ്കുകളിൽ ലഭ്യമാക്കിയിട്ടുള്ള നമ്പറുകളിൽ ബന്ധപ്പെടാം. നമ്പറുകൾ അഡ്മിഷൻ പോർട്ടലിലെ 'CONTACT US' ലിങ്കിൽ ലഭിക്കും.

## ക്യാമ്പ് സിറ്റിംഗ്

കേരള ലോകായുക്ത ജൂൺ 16, 17, 19 തീയതികളിൽ ക്യാമ്പ് സിറ്റിംഗ് നടത്തും. ലോകായുക്ത ജസ്റ്റസ് എൻ. അനിൽകുമാറും ഉപലോകായുക്ത ജസ്റ്റിസ് അശോക് മേനോനും സിറ്റിങ്ങുകൾക്ക് നേതൃത്വം നൽകും. ജൂൺ 16നും 17 നും തൃശൂർ ഗവൺമെന്റ് ഗസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിലും 19 ന് കോട്ടയം പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും സിറ്റിംഗ് നടക്കും. രാവിലെ 10.30 മുതൽ ആരംഭിക്കുന്ന സിറ്റിങ്ങുകളിൽ നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

# പരിസ്ഥിതി ബോധമുള്ള സമൂഹമായി മാറണം: മന്ത്രി പി പ്രസാദ്

### പ്രകൃതി പാഠം പദ്ധതിക്ക് തുടക്കമായി

പരിസ്ഥിതിയെക്കുറിച്ചുള്ള അടിസ്ഥാനപാഠങ്ങൾ പഠിക്കുന്നതിലൂടെ മാത്രമേ നമുക്ക് മെച്ചപ്പെട്ട സമൂഹമായി മാറാൻ കഴിയുകയുള്ളുവെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. പ്രകൃതി പാഠം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നിർവഹിക്കുയായിരുന്നു മന്ത്രി. പരിസ്ഥിതി പ്രശ്നം എന്നത് ജീവിത പ്രശ്നം തന്നെയാണ്. അത്കൊണ്ട് തന്നെ പരിസ്ഥിതി ദിനാചരണം എന്നത് ഒരു ദിവസത്തിലേക്ക് ഒതുങ്ങാതെ ശ്രദ്ധിക്കണം. മണ്ണ് രൂപപ്പെടാനുള്ള കാലയളവും പ്രകൃതിയിലെ പ്രക്രിയകളും അറിയുമ്പോൾ അതിന്റെ ഗൗരവം മനസ്സിലാകും. ഗവൺമെന്റിന്റെ തീരുമാനത്തിൽ ഒരു പുഴ സൃഷ്ടിക്കാൻ കഴിയില്ല എന്നതും ഒരു തിരിച്ചറിവാണ്. തലച്ചോറിലും രക്തത്തിലും വരെ പ്ലാസ്റ്റിക്കിന്റെ അംശം കണ്ടെത്തുന്ന വാർത്തകൾ ഇന്ന് നമുക്ക് മുന്നിലുണ്ട്. സമുദ്രങ്ങൾ ഉൾപ്പെടെയുള്ള ജലാശയങ്ങൾ മാലിന്യം നിക്ഷേപിക്കുന്ന കുപ്പത്തൊട്ടിയായി മാറ്റുന്ന പ്രവണത ഇല്ലാതാക്കണം. അറബിക്കടലിൽ കഴിഞ്ഞ ദിവസം തകർന്ന കപ്പലിൽ നിന്നും പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ തീരത്തടിയുന്നത് നമ്മൾ കണ്ടു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പുതിയ സങ്കേതങ്ങൾക്ക് പ്രകൃതിയുടെ സ്വാഭാവിക പ്രക്രിയയെ നിയന്ത്രിക്കാൻ കഴിയില്ല എന്നത് നാം തിരിച്ചറിയുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലത്ത് സ്വാഭാവിക പ്രകൃതിയുടെ നിലനിൽപ്പിനായി സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രകൃതിപാഠം പദ്ധതി മാതൃകാപരമാണെന്നും മന്ത്രി പറഞ്ഞു.

വി കെ പ്രശാന്ത് എംഎൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഐ എം ജി ഡയറക്ടർ ഡോ. കെ ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഭൂവിനിയോഗ കമ്മീഷണർ യാസ്മിൻ എൽ റഷീദ് സ്വാഗതവും കർഷകനായ ഹരികേഷൻ നായർ ആശംസയും അറിയിച്ചു.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ അൻപതാം വാർഷികത്തിന്റെ ഭാഗമായി വകുപ്പുകൾക്കും പൊതുജനങ്ങൾക്കും ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്ന പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ കർഷകർക്കായി പ്രകൃതി പാഠം പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കർഷകരും ശാസ്ത്രജ്ഞരും സന്നദ്ധപ്രവർത്തകരും ഒരുമിക്കുന്ന ആശയ വിനിമയ സദസ്സ് സംഘടിപ്പിക്കും.




പ്രകൃതി പാഠം പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു

## മെയ് മാസത്തെ റേഷൻ വിതരണം പൂർത്തിയായി

### ജൂൺ 5 നും 7 നും റേഷൻകടകൾക്ക് അവധി

കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ ജൂൺ 4 വരെ നീട്ടിയ മെയ് മാസത്തെ റേഷൻ വിതരണം പൂർത്തിയായി. വൈകിട്ട് 5 മണി വരെ എ.എ.വൈ. (മഞ്ഞ ക്കാർഡ്) വിഭാഗത്തിൽ 97 ശതമാനവും പി.എച്ച്.എച്ച് (പിങ്ക്) വിഭാഗത്തിൽ 94 ശതമാനവും ഗുണഭോക്താക്കൾ റേഷൻ കൈപ്പറ്റി. ആദിവാസി ഊരുകളിലും ക്ഷേമസ്ഥാപനങ്ങളിലും പൂർണമായും റേഷൻ വിതരണം ചെയ്തു. മെയ് മാസത്തെ റേഷൻ വിഹിതം ഇന്ന് (ജൂൺ 4) വരെ 76,53,910 (80.54 ശതമാനം) കുടുംബങ്ങൾ കൈപ്പറ്റി. ഇത് മുൻമാസങ്ങളിലെ ശരാശരിയിൽ അധികമാണ്.

ഒരു മാസത്തെ വിതരണം അവസാനിച്ചാൽ കണക്കുകൾ കൃത്യതപ്പെടുത്തുന്നതിനായി അടുത്ത മാസത്തിന്റെ ആദ്യദിനം റേഷൻകടകൾക്ക് നല്കുന്ന അവധി ഈ മാസം ജൂൺ 5ന് ആണ്. ബക്രീദ് ജൂൺ 7ലേക്ക് മാറിയതിനാൽ അന്നേ ദിവസം അവധിയും ജൂൺ 6ന് പ്രവൃത്തിദിനവുമാണ്.ജൂൺ മാസത്തെ റേഷൻ വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായും റേഷൻകടകളിൽ എത്തിച്ചുകഴിഞ്ഞു. മഴക്കെടുതിയും പ്രതികൂല കാലാവസ്ഥയും സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ നേരിടാൻ വകുപ്പ് പൂർണ്ണസജ്ജമാണെന്നും നീണ്ടുനിൽക്കുന്ന മഴമൂലം വെള്ളം കയറാനുള്ള സാധ്യത മുൻകൂട്ടി കണ്ട് ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പടുത്താനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുണ്ടെന്നും ഭക്ഷ്യവകുപ്പ് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു.

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്: വോട്ടെടുപ്പ് ദിവസം പൊതുഅവധി പ്രഖ്യാപിച്ചു

നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടെടുപ്പ് നടക്കുന്ന ജൂൺ 19 ന് നിലമ്പൂർ നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധിയായും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ശമ്പളത്തോട് കൂടിയ അവധിയായും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിലുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അന്നേ ദിവസം ശമ്പളത്തോടുകൂടിയ അവധിയായി പ്രഖ്യാപിക്കുന്നതിന് ലേബർ കമ്മീഷണർക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽകർ അറിയിച്ചു.

## മീഡിയ അക്കാദമി പി.ജി.ഡിപ്ലോമ : 2025 ജൂൺ 10 വരെ അപേക്ഷിക്കാം

സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തിയതി ജൂൺ 10 വരെ നീട്ടി. പൊതുപ്രവേശന പരീക്ഷ 14-ന് ഓൺലൈനായി നടക്കും.ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാനവർഷ ബിരുദ പരീക്ഷ എഴുതുന്നവർക്കും, പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് ഫീസിളവ് ഉണ്ടാകും. അഭിരുചി പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

പ്രിന്റ് ജേണലിസം, റേഡിയോ, ഓൺലൈൻ, സോഷ്യൽ മീഡിയ, ബ്രോഡ്കാസ്റ്റ് ജേണലിസം, മൊബൈൽ ജേണലിസം തുടങ്ങിയ മാധ്യമപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പരിശീലനം നൽകുന്ന സമഗ്രമായ പാഠ്യപദ്ധതിയാണ് ജേണലിസം & കമ്യൂണിക്കേഷൻ കോഴ്സ്. ടെലിവിഷൻ ജേണലിസം, ന്യൂസ് ആങ്കറിംഗ്, വീഡിയോ കാമറ, വീഡിയോ എഡിറ്റിങ്ങ്, ഡോകുമെന്ററി പ്രൊഡക്ഷൻ, മീഡിയ കൺവെർജൻസ്, മൊബൈൽ ജേണലിസം, തുടങ്ങി ദൃശ്യമാധ്യമ മേഖലയിൽ സമഗ്രമായ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സാണ് ടെലിവിഷൻ ജേണലിസം.പബ്ലിക് റിലേഷൻസ്, അഡ്വർടൈസിങ്ങ് മേഖലയിലെ നൂതനപ്രവണതകളിൽ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകുന്നതാണ് പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് കോഴ്സ്. ഒപ്പം, ജേണലിസം, ക്രീയേറ്റീവ് റൈറ്റിങ്ങ്, പോഡ്കാസ്റ്റിംഗ്, ഡിജിറ്റൽ മാർക്കറ്റിങ്ങ്, ആഡ് ഫിലിം മേക്കിങ്ങ് എന്നിവയിലും സവിശേഷപരിശീലനം നൽകുന്നു.ഇന്റേൺഷിപ്പും, പ്രാക്ടിക്കലും ഉൾപ്പെടെ കോഴ്സിന്റെ ദൈർഘ്യം ഒരുവർഷമാണ്. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾ ഠഠഠ.സല്യമഹമാലറശമമരമറലാ്യ.ീൃഴ യിൽ ലഭിക്കും. അപേക്ഷകൾ ഓൺലൈനായി വെബ്സൈറ്റിലൂടെ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇ-ട്രാൻസ്ഫർ / ജി-പേ/ ബാങ്ക് മുഖേന അടച്ച രേഖ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം.ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 10. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 0484-24222758590320794 (ഡയറക്ടർ), 8086138826 (ടെലിവിഷൻ ജേണലിസം കോ-ഓർഡിനേറ്റർ), 7356149970 (പബ്ലിക് റിലേഷൻസ് കോ-ഓർഡിനേറ്റർ), 9747886517 (ജേണലിസം & കമ്യൂണിക്കേഷൻ കോ-ഓർഡിനേറ്റർ)

# ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ നവോത്ഥാനത്തിന്റെ പാതകൾ തുറക്കുന്നു: മന്ത്രി വി. ശിവൻകുട്ടി

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നിലവാരമുള്ള സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കുന്നതോടൊപ്പം സാമൂഹിക നവോത്ഥാനത്തിന്റെ പാതകളാണ് റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ തുറക്കുന്നതെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. സർക്കാർ റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിലെ സംസ്ഥാനതല പ്രവേശനോത്സവവും ടി.ഐ.ഡി.ഇ – കേരള പദ്ധതിയുടെ പ്രഖ്യാപനത്തിന്റെ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ ഒമ്പത് തീരദേശ ജില്ലകളിലായി പത്ത് റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളാണ് സ്ഥാപിച്ചിരിക്കുന്നത്. കേരളം ഒരു ക്ഷേമസംസ്ഥാനമായി മാറിയതിന് പിന്നിൽ ഓരോ മേഖലയിലുമുള്ള നൂറുകണക്കിന് പാർശ്വവത്ക്കരിക്കപ്പെട്ട ജനതയുടെ ഉയർച്ചയ്ക്കായുള്ള ഉത്തരവാദിത്വപൂർണമായ ഇടപെടലുകളുണ്ട്.

ആ ഘട്ടത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക നീതിയും പ്രബുദ്ധ വിദ്യാഭ്യാസവും ഉറപ്പാക്കുക എന്നത് ഭരണത്തിന് മുന്നിലുള്ള വലിയൊരു വെല്ലുവിളിയായിരുന്നു. അതിനെയാണ് ഫിഷറീസ് വകുപ്പ് വിപുലമായ പദ്ധതികളിലൂടെ ഉയർന്ന ദാർശനികതയോടെ അഭിമുഖീകരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ഇന്ന് നിലവിലുള്ള പത്ത് ഗവ.റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളെ 'മികവിന്റെ കേന്ദ്രങ്ങളായി' വികസിപ്പിക്കാനുള്ള ഇടപെടലുകൾ സമാന്തരമായി പുരോഗമിക്കുന്നുണ്ട്. വിദ്യാഭ്യാസം പുതിയ തലങ്ങളിൽ എത്തിക്കണമെങ്കിൽ അധ്യാപനത്തിലേക്കും വിദ്യാർഥികളിലേക്കും കൂടുതൽ ഊർജവും ഉന്മേഷം എത്തിക്കേണ്ടതുണ്ട്. അതിനായി തന്നെ ഈ അധ്യയനവർഷത്തിൽ നടപ്പാക്കുന്ന 'ടി.ഐ.ഡി.ഇ കേരള' പദ്ധതി മറ്റൊരു നേട്ടപാതയാണ്.

വിദ്യാർഥികളുടെ മാനസികാരോഗ്യ സംരക്ഷണത്തിലൂടെ പഠനത്തിനുള്ള ഊർജം വർധിപ്പിക്കാൻ ലക്ഷ്യമിടുന്ന ശാക്തീകരണ പദ്ധതിയാണിത്. പ്രാഥമിക ഘട്ടമായി 10 സ്കൂളുകളിൽ 10 സൈക്കോളജിക്കൽ കൗൺസിലർമാരെ നിയമിച്ചുകൊണ്ട് വിദ്യാർഥികളുടെ വികാസപരമായ ആവശ്യങ്ങൾക്കുള്ള ശാസ്ത്രീയ പിന്തുണ ഉറപ്പാക്കിയിരിക്കുന്നു.

വലിയതുറ സർക്കാർ റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ നടന്ന ചടങ്ങിൽ മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. മത്സ്യത്തൊഴിലാളി സമൂഹത്തിന് സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കി കൊടുക്കാനും ഭാവിതലമുറയ്ക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാനും സർക്കാർ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് മന്ത്രി പറഞ്ഞു.

ഗവ.റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു വിദ്യാർഥിക്ക് 3500 രൂപ നിരക്കിൽ എല്ലാ വർഷവും 3.6 കോടി രൂപ അനുവദിക്കുന്നുണ്ട്. ഫിഷറീസ് സ്കൂളുകളെ മികച്ച പഠന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം വലിയതുറ, മലപ്പുറം താനൂർ, കോഴിക്കോട് ബേപ്പൂർ, കണ്ണൂർ അഴീക്കൽ എന്നിവിടങ്ങളിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 24.71 കോടി രൂപ വിനിയോ?ഗിച്ചുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണെന്നും മന്ത്രി സജ ചെറിയാൻ അറിയിച്ചു.

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആന്റണി രാജു എം.എൽ.എ, ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അബ്ദുൽ നാസർ. ബി, ഫിഷറീസ് ഡയറക്ടർ സഫ്നാ നസറുദ്ദീൻ, കൗൺസിലർ സുധീർ.ജെ എന്നിവർ പങ്കെടുത്തു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ധനസഹായം മാത്രമല്ല ആത്മീയ പിന്തുണ കൂടിയാണ്: മന്ത്രി ശിവൻകുട്ടി

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഭാവി ശക്തമാക്കാനുള്ള ശ്രമങ്ങളാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുന്നോട്ട് വയ്ക്കുന്നതെന്നും ബോർഡിന്റെ സേവനം ധനസഹായം മാത്രമല്ലെന്നും ആത്മീയ പിന്തുണയാണെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരം കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് കമ്മ്യൂണിറ്റി ഹാളിൽ നടന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മക്കൾക്കുള്ള വിദ്യാഭ്യാസ കായിക അവാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസത്തിനും കായികവിഭാഗത്തിനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കായി നിരവധി ക്ഷേമ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

അപകടമരണ ഇൻഷുറൻസിൽ നിന്ന് വാർദ്ധക്യകാല പെൻഷനും വിദ്യാഭ്യാസ–കായിക പ്രോത്സാഹന പദ്ധതികളിലേക്കുള്ള പ്രവേശനവും ഉൾപ്പെടെ, മത്സ്യത്തൊഴിലാളികളുടെ എല്ലാ തലങ്ങളിലും സ്പർശിക്കുന്ന 39 പദ്ധതികൾ ബോർഡ് നടത്തിവരുന്നുണ്ട്. 2025–ലെ എസ്എസ്എൽസി, പ്ലസ് ടു, ജി ആർ എഫ് ടി എച്ച് എസ്, കായികവിജയങ്ങൾ തുടങ്ങിയതിൽ ഉയർന്ന നേട്ടങ്ങൾ കൈവരിച്ചവർക്കായി ആകെ 69.26 ലക്ഷം രൂപയുടെ ക്യാഷ് അവാർഡുകളും മെമെന്റോകളും ഒമ്പത് തീരദേശ ജില്ലകളിലായി വിതരണം ചെയ്യുകയാണ്.തിരുവനന്തപുരം ജില്ലയിലെ 316 വിജയികൾക്കായി 13,84,000 രൂപയുടെ ക്യാഷ് അവാർഡുകളും മെമേന്റോകളുമാണ് വിതരണം ചെയ്യുന്നത്. അവാർഡുകൾ കുട്ടികൾക്കു മാത്രമല്ല, അവരുടെ കുടുംബങ്ങൾക്കും സമൂഹത്തിനും അഭിമാനത്തിന്റെ സൂചകമാണെന്നും മന്ത്രി പറഞ്ഞു.വ

ിദ്യാഭ്യാസം ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അനിവാര്യമായ ഒന്നാണെന്നും വിദ്യാഭ്യാസം സാമ്പത്തിക ഭദ്രത മാത്രമല്ല, സാമൂഹിക ഉന്നമനവും ആത്മവിശ്വാസവും നൽകുമെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മത്സ്യബന്ധന മേഖലയിൽ ഒട്ടേറെ വെല്ലുവിളികൾ നേരിടുന്നവരാണ് നമ്മുടെ മത്സ്യത്തൊഴിലാളികൾ. അവരുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസം നേടാൻ അവസരം ഒരുക്കുക എന്നത് നമ്മുടെ കടമയാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ അവർക്ക് നല്ലൊരു ഭാവിയും സുരക്ഷിതമായ ജീവിതവും കെട്ടിപ്പടുക്കാൻ കഴിയൂ.

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളാരും അനാഥരല്ലെന്നും അവർക്കൊപ്പം സർക്കാർ ഉണ്ടെന്നും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എത്ര വേണമെങ്കിലും സൗജന്യമായി പഠിക്കാൻ സൗകര്യമൊരുക്കിയ രാജ്യത്തെ തന്നെ ഏക സംസ്ഥാനമായി കേരളത്തെ മാറ്റിയ സർക്കാരാണിതെന്നും മന്ത്രി കൂട്ടിച്ചേർത്തു.ചടങ്ങിൽ ആന്റണി രാജു എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, മത്സ്യ ബോർഡ് ചെയർമാൻ കൂട്ടായി ബഷീർ, കമ്മീഷണർ സലീം തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തിന്റെ ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനെ അഭിനന്ദിച്ച് വിക്ടോറിയൻ പാർലമെന്റ് സമിതി

കേരളത്തിന്റെ ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനെ അഭിനന്ദിച്ച് വിക്ടോറിയൻ പാർലമെന്റ് സമിതി. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി സെക്രട്ടറിയേറ്റിൽ വച്ച് നടന്ന കൂടിക്കാഴ്ചയിലാണ് സമിതി കേരളത്തിന്റെ ആരോഗ്യ മേഖലയേയും പ്രത്യേകിച്ച് ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനേയും അഭിനന്ദിച്ചത്. ജനകീയ കാൻസർ ക്യാമ്പയിൻ മഹത്തരമെന്ന് അവർ അഭിപ്രായപ്പെട്ടു.കാൻസർ പ്രതിരോധത്തിനും ബോധവൽകരണത്തിനും ചികിത്സയ്ക്കുമായാണ് ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം–അകറ്റാം അർബുദം' ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിച്ചതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ലോക കാൻസർ ദിനമായ ഫെബ്രുവരി 4 ന് ആരംഭിച്ച ഈ ക്യാമ്പയിനിലൂടെ 15 ലക്ഷത്തിലധികം പേർക്ക് സ്ക്രീനിംഗ് നടത്തി. ആദ്യഘട്ടത്തിൽ സ്ത്രീകളെ ബാധിക്കുന്ന കാൻസറിനാണ് പ്രാധാന്യം നൽകിയത്. സ്ക്രീനിംഗിൽ പങ്കെടുത്തവരിൽ രോഗം സംശയിച്ചവർക്ക് തുടർ പരിശോധനയും ചികിത്സയും ഉറപ്പാക്കി. ഭൂരിപക്ഷം പേരിലും പ്രാരംഭ ഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കുന്നു. ഈ ക്യാമ്പയിനിലൂടെ പുരുഷൻമാരുടെ കാൻസർ സ്ക്രീനിംഗും ആരംഭിച്ചിട്ടുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി സ്ക്രീനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 30 വയസിന് മുകളിലുള്ള മുഴുവൻ പേരേയും സ്ക്രീനിംഗ് നടത്തുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

മാതൃമരണ നിരക്കും ശിശു മരണ നിരക്കും ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ആയുർദൈർഘ്യം ഏറ്റവും കൂടുതലാണ്. വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ജെറിയാട്രിക് കെയറിന് സംസ്ഥാനം വളരെ പ്രാധാന്യം നൽകുന്നു. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗത്തിനെതിരെ സംസ്ഥാനം രാജ്യത്തിന് മാതൃകയായ പ്രവർത്തനം നടത്തി. ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ വളരെയധികം കുറവ് വരുത്താൻ സാധിച്ചു. കിഫ്ബി ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ വലിയ വികസനമാണ് സംസ്ഥാനത്ത് നടന്നു വരുന്നത്. വനിതകളുടെ ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളേയും സംഘം അഭിനന്ദിച്ചു.എംപിമാരായ ലീ ടാർലാമിസ് ഓം, പോളിൻ റിച്ചാർഡ്സ്, ബെലിൻഡ വിൽസൺ, ഷീന വാട്ട്, ജൂലിയാന അഡിസൺ തുടങ്ങിയവരുടെ സംഘമാണ് മന്ത്രിയുമായി ചർച്ച നടത്തിയത്.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെയും ചർച്ചയിൽ പങ്കെടുത്തു.

# ഇക്കുറി ഓണസദ്യയൊരുക്കാൻ ആവശ്യമായ പച്ചക്കറികൾ കുടുംബശ്രീ നൽകും:തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്

## 'ഓണക്കനി' കാർഷിക പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം

തിരുവനന്തപുരം: ഇക്കുറി ഓണത്തിന് സദ്യയൊരുക്കാൻ ആവശ്യമായ മുഴുവൻ പച്ചക്കറികളും കുടുംബശ്രീയൊരുക്കുമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്. ഓണത്തിന് സുരക്ഷിതവും വിഷരഹിതവുമായ പച്ചക്കറികൾ ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ നടപ്പാക്കുന്ന 'ഓണക്കനി' കാർഷിക പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടുകാൽ പഞ്ചായത്തിലെ മരുതൂർകോണം വാർഡിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

'ഓണം കുടുംബശ്രീക്കൊപ്പം' എന്നതാണ് ഈ വർഷത്തെ മുദ്രാവാക്യം. സദ്യയൊരുക്കാൻ ആവശ്യമായ എല്ലാ പച്ചക്കറികളും അച്ചാർ, ചിപ്സ്, പായസം മിക്സ്, കറിപൗഡർ എന്നിവ ഉൾപ്പെടെ ഓണക്കിറ്റ് തയ്യാറാക്കുക എന്നതാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി ഇക്കുറി 25680 ഏക്കർ ഭൂമിയിലാണ് കൃഷി ചെയ്യുന്നത്. കഴിഞ്ഞ വർഷം 6800 ഏക്കറിലായിരുന്നു കൃഷി. നാലിരട്ടി വർധനവാണ് കൃഷിയുടെ വിസ്തൃതിയിൽ ഉണ്ടായത്. കഴിഞ്ഞ വർഷം പച്ചക്കറികളും പൂക്കളും വിറ്റഴിച്ചതിലൂടെ 7.8 കോടി രൂപയുടെ വിറ്റുവരവ് നേടാൻ കഴിഞ്ഞിരുന്നു. ഇക്കുറിയും കർഷകർക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ അത്യുൽപാദന ശേഷിയുള്ള സങ്കര ഇനം പച്ചക്കറി തൈകൾ കുടുംബശ്രീ ജൈവിക പ്ളാന്റ് നഴ്സറികൾ മുഖേന തയ്യാറാക്കി നൽകും. ഹൈബ്രിഡ് വിത്തിനങ്ങളാണ് കൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുക. ഇതു ലഭ്യമാക്കുന്നതിനായി ഓരോ സി.ഡി.എസിനും പരമാവധി 25,000 രൂപ വരെ റിവോൾവിങ്ങ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും കർഷകർക്ക് നഴ്സറി തയ്യാറാക്കൽ, തൈ ഉൽപാദനം, വിള പരിപാലനം, കീടനിയന്ത്രണം, വിളവെടുപ്പ് എന്നിവയിൽ സാങ്കേതിക പരിശീലനവും നൽകും. കാർഷിക മേഖലയിൽ പുതിയ ഉയരങ്ങളിലേക്ക് കുതിക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ പ്രശസ്ത കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുമായി 184 പുതിയ സാങ്കേതികവിദ്യകൾ വാങ്ങുന്നതിനായി കുടുംബശ്രീ ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു. കയറ്റുമതി കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള മൂല്യവർധിത ഉൽപന്ന നിർമാണത്തിനാവശ്യമായ സാങ്കേതിക വിദ്യകളാണ് കുടുംബശ്രീ വാങ്ങുന്നത്. അടുത്ത മാർച്ചിനുള്ളിൽ മൂന്നു ഘട്ടങ്ങളിലായി ആയിരം കാർഷിക സംരംഭങ്ങൾ ആരംഭിക്കും. കുടുംബശ്രീ വനിതകൾക്ക് വരുമാന വർധനവിനുള്ള എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തും. ഇതിനായി വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ നൽകുമെന്നും മന്ത്രി പറഞ്ഞു. കോട്ടുകാൽ സി..ഡി.എസ് അധ്യക്ഷ വിമല കെ കുടുംബശ്രീ മന്ത്രിക്ക് ഉൽപന്നങ്ങൾ സമ്മാനിച്ചു.

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രലേഖ കെ സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.എസ് ഷാനവാസ് പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. വിനോദ് കോട്ടുകാൽ, അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൽ.റാണി, അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ വിഷ്ണു പ്രശാന്ത്, അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത് അംഗം എം.വിമൻമോഹൻ, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗീത എസ്, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ബി സുലോചന, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബീന വി.ടി, പ്രവീൺ, ഗീത ജി, അമ്പിളി എ.എസ്, ഗിരിജ ടി, സുരേഷ്, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അനിൽ കുമാർ ആർ എന്നിവർ ആശംസിച്ചു. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ രമേഷ് ജി നന്ദി പറഞ്ഞു.



കുടുംബശ്രീ 'ഓണക്കനി' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടുകാൽ മരുതൂർകോണം പതിനാറാം വാർഡിൽ പദ്മ കർഷക സംഘത്തിന്റെ കൃഷിയിടത്തിൽ പച്ചക്കറിത്തൈ നട്ടുകൊണ്ട് മന്ത്രി എം.ബി രാജേഷ് നിർവഹിക്കുന്നു

# ടെക്നോപാർക്കിലെ ഐടി കമ്പനി 'ഫയ' സംസ്ഥാന വ്യാപകമായി പ്രതിമാസ ടെക് സെമിനാറുകൾ നടത്തും

തിരുവനന്തപുരം: ടെക്നോപാർക്കിലെ യുഎസ് ഐടി പ്രമുഖ ഐടി കമ്പനിയായ ഫയയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രതിമാസ ടെക് സെമിനാർ സംസ്ഥാനത്തെ നഗരങ്ങളിലേക്കും കാമ്പസുകളിലേക്കും വ്യാപിപ്പിക്കും. ഫയ:80 യുടെ ടെക് സെമിനാർ പരമ്പര പന്ത്രണ്ടാമത് വർഷത്തിലേക്ക് കടക്കുന്നതിൻറെ ഭാഗമായാണ് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നത്. കേരളത്തിൽ നടക്കുന്ന മികച്ച ടെക് സെമിനാറുകളിലൊന്നാണിത്.

ഇന്ത്യൻ ഐടി വ്യവസായത്തിൻറെ നേതൃനിരയിലുള്ള വിദഗ്ധരാണ് എല്ലാ മാസവും ഒരു ബുധനാഴ്ച നടക്കുന്ന സെമിനാറിന് നേതൃത്വം നല്കുന്നത്. അറിവ് പങ്കിടുന്നതിനൊപ്പം ജിജ്ഞാസയും നവീനതയുമുള്ള സമൂഹത്തെയും സംസ്കാരത്തെയും കെട്ടിപ്പടുക്കാൻ ഫയ:80 ലക്ഷ്യമിടുന്നു.നേതൃത്വനിരയിലുള്ളവരെ ഒരുമിച്ച് കൊണ്ടുവരുന്ന മാതൃകയിലൂടെയാണ് ഫയ:80 യുടെ സംസ്ഥാന വ്യാപക വിപുലീകരണമെന്ന് ഫയ ഇന്ത്യയുടെ എംഡി ദീപു എസ്. നാഥ് പറഞ്ഞു. കേരളത്തിലുടനീളമുള്ള സാങ്കേതിക വിദഗ്ധർ, സംരംഭകർ, സാമൂഹിക നേതാക്കൾ എന്നിവരെ നഗരങ്ങളിലും കാമ്പസുകളിലും ഫയ:80 സെമിനാർ സംഘടിപ്പിക്കാൻ ക്ഷണിക്കുന്നു.

കേന്ദ്രീകൃത ഫോർമാറ്റിൽ നിന്ന് സഹകരണപരവും സാമൂഹ്യപരവുമായ ഒരു മാതൃകയിലേക്കുള്ള മാറ്റമാണിത്. ഇത്തരമൊരു പ്ലാറ്റ് ഫോമിൻറെ വ്യാപ്തി വർദ്ധിക്കാൻ ഇത് സഹായകമാകും. 12 കൊല്ലം മുൻപ് ലളിതമായ കാഴ്ചപ്പാടോടെ ആരംഭിച്ച ഫയ:80 സെമിനാർ അറിവ് പങ്കിടുന്നതിനുള്ള ഒരു സ്വതന്ത്ര പ്ലാറ്റ് ഫോം സൃഷ്ടിക്കുന്നു. കേരളത്തിലുടനീളമുള്ള ടെക് കമ്മ്യൂണിറ്റികളെ അവരവരുടെ മേഖലകളിലും പ്രദേശങ്ങളിലും ശാക്തീകരിക്കാൻ ആഗ്രഹിക്കുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.2013 ൽ ആരംഭിച്ച ഫയ:80 സെമിനാറിൻറെ 200 ലധികം പതിപ്പുകൾ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. ഡെവലപ്പർമാർ, വിദ്യാർത്ഥികൾ, സംരംഭകർ തുടങ്ങിയവർക്ക് സാങ്കേതിക വിഷയങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നതിന് ഈ പ്ലാറ്റ് ഫോം സഹായകമാണ്. നിർമ്മിതബുദ്ധി, വെബ് 3, ഡിസൈൻ ടെക്നിക്കുകൾ, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ സങ്കീർണ്ണ വിഷയങ്ങളും സെമിനാറിൽ ചർച്ച ചെയ്യുന്നു.

12–ാം വാർഷികത്തിൻറെ ഭാഗമായി ജൂൺ 28 ന് ഫയ:80 യുടെ മുൻകാല സെമിനാർ പ്രഭാഷകരേയും വിദഗ്ധരേയും ഒരുമിച്ച് കൊണ്ടുവരുന്ന സമ്മേളനത്തിനും ഫയ ആതിഥേയത്വം വഹിക്കും. കേരളത്തിൻറെ നവീകരണവും അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളോടുള്ള സ്വീകാര്യതയും വർദ്ധിപ്പിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ രൂപപ്പെടുത്താൻ സമ്മേളനം ലക്ഷ്യമിടുന്നു. ഫയ:80 സെമിനാറിൻറെ വരുംകാല പ്രവർത്തനങ്ങളെക്കുറിച്ചും സമ്മേളനം ചർച്ച ചെയ്യും.

അറിവിനെ ജനാധിപത്യവൽക്കരിക്കുക, പ്രാദേശികമായുള്ള സാങ്കേതിക നേതൃത്വം കെട്ടിപ്പടുക്കുക, ആഗോള നവീകരണ കേന്ദ്രമെന്ന നിലയിൽ കേരളത്തിൻറെ സ്ഥാനം ശക്തിപ്പെടുത്തുക എന്നീ ദൗത്യങ്ങളും ഫയ:80 ഏറ്റെടുത്തിട്ടുണ്ട്. ലോകത്തെ പുനർനിർമ്മിക്കുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് വിവിധ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കുമുള്ള ധാരണയിൽ മാറ്റം വരുത്തുന്നതിനായാണ് ഫയ:80 ആരംഭിച്ചത്.

# സ്കോൾ–കേരള ഹയർസെക്കൻഡറി രണ്ടാം വർഷ പ്രവേശനം 5 മുതൽ

സ്കോൾ–കേരള മുഖേന 2025–26 വർഷത്തെ ഹയർ സെക്കൻഡറി കോഴ്സ് രണ്ടാം വർഷ പ്രവേശനത്തിനും, പുനഃപ്രവേശനത്തിനും അപേക്ഷ ക്ഷണിച്ചു.യോഗ്യതയുള്ളവർക്ക് www.scolekerala.org മുഖേന ജൂൺ 30 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഫീസ് ഘടനയും മറ്റ് വിശദാംശങ്ങളും സ്കോൾ–കേരള വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നാം വർഷ ഹയർസെക്കൻഡറി കോഴ്സ് പൂർത്തിയാക്കിയവർക്കും നിബന്ധനകൾക്ക് വിധേയമായി പ്രവേശനം അനുവദിക്കും.

ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും, നിർദ്ദിഷ്ട രേഖകളും എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ–കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം 695 012 എന്ന മേൽവിലാസത്തിൽ നേരിട്ടോ സ്പീഡ് / രജിസ്ട്രേഡ് തപാൽ മാർഗമോ ജൂലൈ രണ്ടിനകം ലഭ്യമാക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




പട്ടിക വർഗ വിഭാഗത്തിൽ പെട്ടെ തീരദേശ കർഷകർക്കുള്ള മത്സ്യബന്ധന ഉപകരണങ്ങൾ ഡോ. രാഘവേന്ദ്ര ഭട്ട വിതരണം ചെയ്യുന്നു.

# കർഷകരുടെ വരുമാന വർധനവിന് ഊന്നൽ– ഐസിഎആർ ഡിഡിജി

## 'വിക്സിത് കൃഷി സങ്കൽപ്പ് അഭിയാൻ പദ്ധതി കാർഷിക ഉൽപാദനം കൂട്ടാൻ വഴിയൊരുക്കും'

കൊച്ചി: കാർഷിക മേഖലയിൽ ഉൽപാദനം വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം കൂട്ടാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. രാഘവേന്ദ്ര ഭട്ട.

കഴിഞ്ഞ ആഴ്ച തുടക്കമിട്ട വിക്സിത് കൃഷി സങ്കൽപ്പ് അഭിയാനിന്റെ ഭാഗമായി ശാസ്ത്രസംഘം കൃഷിടങ്ങളിലെത്തി കർഷകരുമായി ഇടപഴകുന്നതിലൂടെ വരും സീസണുകളിൽ ഉൽപ്പാദനക്ഷമത ഗണ്യമായി വർദ്ധിക്കുമെന്നാണ് കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു.കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന വിക്സിത് കൃഷി സങ്കൽപ്പ് അഭിയാൻ ബോധവൽകരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും ശാസ്ത്രീയ പരിഹാരങ്ങളും കർഷകരുമായി നേരിട്ട് പങ്കുവെക്കുന്നതിലൂടെ ഇന്ത്യൻ കാർഷിക മേഖലയിൽ ഗണ്യമായ മാറ്റമുണ്ടാകും. ഈ കാമ്പയിനിന്റെ ഭാഗമായുള്ള ശാസ്ത്രസംഘങ്ങളുടെ പര്യടനത്തിലൂടെ കർഷരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ നിർദേശിക്കാനും കഴിയുന്നുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തിയുള്ള ഉൽപാദന വർധനവിന് ഇത് ആവശ്യമാണ്. നൂതന കാർഷിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താനും കൃഷിരീതികൾ പരിഷ്കരിക്കാനും കാര്യക്ഷമത കൂട്ടാനും ഈ പദ്ധതി സഹായിക്കും. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലകളിൽ ഉൽപാദനം കൂട്ടാൻ ഇത് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൃഷി സങ്കൽപ്പ് അഭിയാനിന്റെ കേരളം, കർണാടക, ലക്ഷദ്വീപ് മേഖലകളുടെ കോർഡിനേറ്റർ കൂടിയാണ് ഡോ ഡോ. രാഘവേന്ദ്ര ഭട്ട.സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞരും ഈ കാമ്പയിനിന്റെ ഭാഗമായി വിവിധ ജില്ലകളിൽ കർഷകർക്കിടയിൽ പര്യടനം നടത്തിവരികയാണ്.ചടങ്ങിൽ, പട്ടികവർഗ വിഭാഗത്തിൽ പെട്ട 80 തീരദേശ കർഷകർക്ക് മീൻപിടുത്ത വലകൾ, ലൈഫ് ജാക്കറ്റ്, മഴക്കോട്ട്, ടാർപോളിൻ ഷീറ്റുകൾ എന്നിവയുൾപ്പെടെയുള്ള സാമഗ്രികൾ അദ്ദേഹം വിതരണം ചെയ്തു.സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു.ബംഗളൂരുവിലെ കാർഷിക ടെക്നോളജി ആപ്ലിക്കേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ വെങ്കടസുബ്രഹ്മണ്യൻ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഡയറക്ടർ ഡോ. ജോർജ് നൈനാൻ എന്നിവർ വിശിഷ്ടാതിഥികളായി. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. കെ മധു, ഡോ. സാജു ജോർജ് എന്നിവർ സംസാരിച്ചു.

# ലോകപരിസ്ഥിതി ദിനാഘോഷം : മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും

വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇക്കൊല്ലത്തെ ലോക പരസ്ഥിതിദിനാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം 5ന് രാവിലെ 10ന് എച്ച്.ആർ.ഡി കോപ്ലക്സിലെ അരണ്യം ഹാളിൽ വനം വകുപ്പു മന്ത്രി എ. കെ. ശശീന്ദ്രൻ നിർവഹിക്കും. ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും. 12 ഓൺലൈൻ സേവനങ്ങൾ അടങ്ങിയ ഇ-ഗവേണൻസ് ഡിജിറ്റൽ സ്യൂട്ടിന്റെ റിലീസ്, വനം വകുപ്പിന്റെ നേട്ടങ്ങളുടെ പുസ്തക പ്രകാശനം എന്നിവ ചടങ്ങിൽ നിർവഹിക്കും.

വനം വകുപ്പ് മേധാവി രാജേഷ് രവീന്ദ്രൻ അരണ്യം പരിസ്ഥിതിദിന പ്രത്യേക പതിപ്പ് പ്രകാശനവും പരിസ്ഥിതിദിന സന്ദേശവും നൽകും. പരിസ്ഥതിദിനവുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാല അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് അസി. പ്രൊഫസർ ഡോ. സുവർണ്ണാദേവി എസ്. വിഷയാവതരണം നടത്തും.എ.പി.സി.സി.എഫ്.മാരായ പ്രമോദ് ജി. കൃഷ്ണൻ, ഡോ. എൽ. ചന്ദ്രശേഖർ, ജസ്റ്റിൻ മോഹൻ, കൗൺസിലർ വി.ജി. ഗിരികുമാർ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും. ഡോ. പി. പുകഴേന്തി (എ. പി. സി. സി. എഫ് ഫിനാൻസ് ബഡ്ജറ്റ് & ആഡിറ്റ്, സോഷ്യൽ ഫോറസ്ട്രി & ഐ.റ്റി.) സ്വാഗതവും ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി.) ഡി.കെ. വിനോദ് കുമാർ നന്ദിയും പറയും.

# കുഞ്ഞിനൊപ്പം തലമുറകൾക്ക് സമ്മാനമായി വൃക്ഷത്തൈ

## * ലോക പരിസ്ഥിതി ദിനത്തിൽ വേറിട്ട മാതൃകയുമായി ആരോഗ്യ വകുപ്പ്

പ്രസവ ശേഷം വീട്ടിലേക്ക് മടങ്ങുന്ന കുടുംബത്തിന് വൃക്ഷത്തൈ നൽകുന്ന പദ്ധതി ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പ് വനം വകുപ്പുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലാണ് പദ്ധതിയ്ക്ക് തുടക്കമിടുന്നത്. പിന്നീട് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിച്ച് സംസ്ഥാന വ്യാപകമാക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസവശേഷം വീട്ടിലേക്ക് മടങ്ങുന്ന കുടുംബത്തെ മാതൃയാനം പദ്ധതിയിലൂടെ സൗജന്യ വാഹനം നൽകിയാണ് വീട്ടിലേക്ക് അയയ്ക്കുന്നത്. അവരുടെ സന്തോഷത്തിൽ പങ്കുചേർന്ന് വൃക്ഷത്തൈ കൂടി നൽകുന്നു. ഇതിലൂടെ വലിയ അവബോധം നൽകാനാകുമെന്നും മന്ത്രി പറഞ്ഞു.നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് എല്ലാ വർഷവും ജൂൺ 5 ന് ലോക പരിസ്ഥിതി ദിനമായി ആചരിച്ചു വരുന്നു. 'പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കാം' എന്നുള്ളതാണ് ഈ വർഷത്തെ സന്ദേശമായി മുന്നോട്ട് വയ്ക്കുന്നത്. ലോകം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നം എന്ന നിലയിൽ നിന്നും പൊതുജനാരോഗ്യ രംഗത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമായി പ്ലാസ്റ്റിക് ഇന്ന് മാറിയിരിക്കുന്നു. നമ്മുടെ ശരീരത്തിൽ പ്ലാസ്റ്റിക് കണികകൾ മൂലം നാഡീസംബന്ധമായ പ്രശ്നങ്ങൾ, ശ്വാസകോശ, കരൾ കാൻസറുകൾ, ഹൃദയ സംബന്ധമായ രോഗങ്ങൾ ഹോർമോണൽ പ്രശ്നങ്ങൾ തുടങ്ങിയവ ഉണ്ടാകുന്നു. അതുകൊണ്ട് തന്നെ ഒരു പൊതുജനാരോഗ്യ പ്രശ്നമായി കണക്കാക്കി പ്ലാസ്റ്റിക്കിനെതിരെ പോരാടണം.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിന് ആശുപത്രികളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി വരുന്നു. പ്ലാസ്റ്റിക് നിർമ്മിതമായ ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി പ്ലാസ്റ്റിക് മാലിന്യം പരമാവധി കുറയ്ക്കാനായി എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. ഉപയോഗിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ശാസ്ത്രീയമായുള്ള ശേഖരണവും, സംസ്കരണവും ഉറപ്പുവരുത്തുന്നതിനും എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ശ്രമം തുടരുന്നുണ്ട്. ഇത് കൂടാതെ, പ്ലാസ്റ്റിക് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കേണ്ടതിന്റെ ഭാഗമായി അവബോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# പഠനോപകരണ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിച്ചു

ഉന്നതവിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന നാഷണൽ സർവീസ് സ്കീമിന്റെ (എൻ.എസ്.എസ്) നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു. ഇരിങ്ങാലക്കുട മുൻസിപ്പൽ ടൗൺഹാളിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിപാടി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു.ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഗവ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ എൽപി ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്താണ് മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചത്. ആദ്യഘട്ടമായി ആയിരം വിദ്യാർത്ഥികളിലേക്കാണ് പദ്ധതിയുടെ പ്രയോജനമെത്തിക്കുന്നത്.ആലപ്പുഴ എസ്.ഡി. കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വി.കെ.പി. സൗഹൃദ കൂട്ടായ്മയുടെയും (ഡഅജ്ജ ഘടകം) മറ്റ് സുമനസ്സുകളുടെയും സഹകരണത്തോടെയാണ് വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റുകൾ നൽകുക.ഇരിങ്ങാലക്കുട ടൗൺഹാളിൽ നടന്ന സംസ്ഥാനതല പരിപാടിയിൽ എൻഎസ്എസ് സ്റ്റേറ്റ് കോഡിനേറ്റർ ഡോ. ആർ.എൻ. അൻസാർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ, റൂറൽ എസ് പി ബി.കൃഷ്ണകുമാർ, എൻഎസ്എസ് ജില്ലാ കോഡിനേറ്റർ എം വി പ്രതീഷ്, ജില്ലയിലെ ക്ലസ്റ്റർ കോഡിനേറ്റർമാർ, ആലപ്പുഴ എസ്.ഡി കോളേജ് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ:ലക്ഷ്മി, എൻ.എസ്.എസ് വളണ്ടിയർമാർ തുടങ്ങിയവർ പങ്കെടുത്തു.

പദ്ധതിയുടെ തുടർച്ചയായി കോട്ടയം ഇടക്കുന്നം ജി.എച്ച്.എസ്.എസിലും ആലപ്പുഴ എസ്.ഡി. കോളേജിലും വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

## റീൽസ് മത്സരം: എൻട്രികൾ അയയ്ക്കാം

ജൂൺ 15ന് നടക്കുന്ന മുതിർന്ന പൗരന്മാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ദിനാചരണത്തിന്റെ ഭാഗമായി റീൽസ് മത്സരത്തിനായി എൻട്രികൾ ക്ഷണിച്ചു. മുതിർന്ന പൗരന്മാരുടെ അവകാശങ്ങളും അവർ നേരിടുന്ന വെല്ലുവിളികളും പ്രമേയമാക്കി മലയാളത്തിൽ തയ്യാറാക്കിയ റീൽസ് ആണ് മത്സരത്തിന് അയയ്കേണ്ടത്. തയ്യാറാക്കുന്ന റീൽസിൽ കുട്ടികളും മുതിർന്ന പൗരന്മാരും നിർബന്ധമായും പങ്കെടുക്കണം. മൂന്ന് റീൽസ് ജേതാക്കൾക്ക് ജൂൺ 15ന് സംസ്ഥാന/ ജില്ലാതല പരിപാടികളിൽ സമ്മാനങ്ങൾ നൽകും.അവസാന തീയതി ജൂൺ 10 വൈകിട്ട് 5 മണി. വിവരങ്ങൾക്ക്: www.swdkerala.gov.in.

# പരിസ്ഥിതി ദിനം: തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ക്യാമ്പയിൻ ലോഗോ

## മന്ത്രി എം ബി രാജേഷ് പ്രകാശനം ചെയ്തു

അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാറിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിക്കുന്ന ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന ക്യാമ്പയിന് തിരുവനന്തപുരത്ത് തുടക്കമായി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് 'എന്റെ കരുതൽ എന്റെ പരിസ്ഥിതിക്കായി' എന്ന് പേരിട്ടിരിക്കുന്ന ക്യാമ്പയിന്റെ ലോഗോ പ്രകാശനം ചെയ്തു. പ്ലാസ്റ്റിക്ക് മലിനീകരണത്തിനെതിരെ എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ ആപ്തവാക്യം. കേരളത്തിലെ നദികളിലും, പുഴകളിലുമടക്കം ഒഴുകി നടക്കുമായിരുന്ന പ്ലാസ്റ്റിക്ക് മാലിന്യത്തെ വീടുകൾതോറും വാതിൽപ്പടി ശേഖരണം നടത്തി ശാസ്ത്രീയ സംസ്കരണം വിജയകരമായി നടത്തിപ്പോരുന്ന സംസ്ഥാനമാണ് കേരളം. ഇതിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, കുടുംബശ്രീ, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, ക്ലീൻ കേരള കമ്പനി, ഖരമാലിന്യ പരിപാലന പദ്ധതി എന്നിവർ വഹിക്കുന്ന പങ്ക് വലുതാണ്.പ്ലാസ്റ്റിക്ക് മാലിന്യം അഴുകുന്ന മാലിന്യവുമായി കൂട്ടിക്കലർത്തുമ്പോഴുണ്ടാകുന്ന ദുരന്തം വളരെ വലുതാണ്. ആദ്യഘട്ടത്തിൽ തന്നെ ബ്രഹ്മപുരത്തുണ്ടായ തീപിടുത്തം നിയന്ത്രിക്കാനാവാതിരുന്നതും ഇങ്ങനെ പ്ലാസ്റ്റിക്ക് കലർന്ന മാലിന്യത്തിന്റെ അതിപ്രസരം കൊണ്ട് മാത്രമാണ്. എന്നാൽ ബ്രഹ്മപുരത്തിന് ശേഷം കേരളം വലിയ മാറ്റങ്ങൾ കൈവരിച്ചു. ഇന്ന് മിക്ക വീടുകളിലും, സ്ഥാപനങ്ങളിലും ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ചു കൊടുക്കുന്നുണ്ട്. ഇത് തന്നെയാണ് യഥാർത്ഥത്തിൽ പരിസ്ഥിതിക്കുള്ള മികച്ച സമ്മാനവും.

ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിലൂടെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നവർ സോഷ്യൽ മീഡിയയിലൂടെ നടത്തുന്ന റെസല്യൂഷൻ ചാലഞ്ചും ജില്ലാടിസ്ഥാനത്തിൽ റീൽസ് മത്സരവും ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ശുചിത്വ മിഷന്റെ പേജ് ഫോളോ ചെയ്യുന്ന ആർക്കും റീൽസ് മത്സരത്തിൽ പങ്കെടുക്കാം. ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 5 മികച്ച റീലുകൾ സംസ്ഥാന തലത്തിൽ വിലയിരുത്തി അതിൽ നിന്നും തിരഞ്ഞെടുക്കുന്ന 10 എണ്ണത്തിന് 10000 രൂപ വീതം സമ്മാനം നൽകും. ഇതിനുപുറമെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസുകൾ, റെസിഡെൻസ് അസോസിയേഷനുകൾ ഉൾപ്പെടെ പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി നടത്തുന്ന എല്ലാ ചടങ്ങുകൾക്കും ഹരിത പ്രതിജ്ഞ ഉൾപ്പെടെയുള്ള വിപുലമായ പരിപാടികളാണ് ശുചിത്വ മിഷൻ തദ്ദേശ സ്വയംഭരണ വകുപ്പിനായി ക്യാമ്പയിനിലൂടെ രൂപകൽപ്പന ചെയ്തിരിക്കുന്നത്.ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ റ്റി.വി, പ്രിൻസിപ്പൽ ഡയറക്ടർ ഡോ. എസ്. ചിത്ര, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി. ജോസ്, ഡയറക്ടർ (ഓപ്പറേഷൻസ്) ശുചിത്വ മിഷൻ നീതുലാൽ ബി എന്നിവർ സംബന്ധിച്ചു.




'എന്റെ കരുതൽ, എന്റെ പരിസ്ഥിതിക്കായി ' ക്യാമ്പയിൻ ലോഗോ പ്രകാശനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിക്കുന്നു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി. ജോസ്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ. എസ്. ചിത്ര, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ റ്റി. വി, ശുചിത്വ മിഷൻ ഡയറക്ടർ ഓപ്പറേഷൻസ് നീതുലാൽ ബി എന്നിവർ സമീപം

# പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഗ്രീൻ കേരള റൈഡുമായി തദ്ദേശ സ്വയംഭരണ വകുപ്പ്

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രീൻ കേരള റൈഡ് സംഘടിപ്പിക്കുന്നു. പ്രകൃതിയിൽ ക്രമാതീതമായി വർദ്ധിക്കുന്ന കാർബൺ എമ്മിഷന്റെ അളവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രീൻ കേരള റൈഡ് നടത്തുന്നത്. തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്കിടയിലാണ് പരിപാടി സംഘടിപ്പിക്കുക.ജൂൺ 5 ന് ഓഫീസുകളിലേയ്ക്കുള്ള യാത്രയ്ക്കായി പരമാവധി പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക, സ്വകാര്യ വാഹനത്തിൽ ഒറ്റയ്ക്ക് ഓഫീസിൽ വരുന്നവർ സഹപ്രവർത്തകരുമായി ഒരുമിച്ച് വെഹിക്കിൾ പൂളിംഗ് സംവിധാനം ഉപയോഗപ്പെടുത്തുക, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ നിന്നും ഒരു വാഹനത്തിൽ ഓഫീസിൽ എത്തുന്നതിനുള്ള കമ്മ്യൂണിറ്റി പൂളിംഗ് സൈക്കിൾ, ഇലക്ട്രിക്ക് വാഹനങ്ങൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, എസി, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവയുടെ അമിതമായ ഉപയോഗം കുറയ്ക്കുക തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങളാണ് തദ്ദേശ വകുപ്പ് മുന്നോട്ട് വച്ചിട്ടുള്ളത്.

ഗ്രീൻ കേരള റൈഡിന്റെ പ്രധാന ആശയങ്ങളിൽ ഒന്നായ കമ്മ്യൂണിറ്റി പൂളിംഗിന്റെ ഭാഗമായി പരിസ്ഥിതി ദിനത്തിൽ തമ്പാനൂർ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ നിന്നായി നന്തൻകോടുള്ള എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ഓഫീസിലേക്ക് എത്തുന്ന നാൽപ്പതിൽ അധികം ജീവനക്കാർക്കായി കെ.എസ്.ആർ.ടി.സി യുമായി സഹകരിച്ച് രാവിലെയും വൈകുന്നേരവും ഇലക്ട്രിക് ബസിന്റെ പ്രത്യേക സർവീസും ക്രമീകരിച്ചിട്ടുണ്ട്.

പരിപാടിയുടെ ഭാഗമായി വ്യക്തി, ഗ്രൂപ്പ്, സ്ഥാപനം എന്നീ കാറ്റഗറിയിൽ ഏറ്റവും മികച്ച മാതൃക പിന്തുടരുന്നവർക്ക് പ്രത്യേക അനുമോദനവും സമ്മാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കാമ്പെയിനിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം ചെയ്യുന്ന മാതൃകയുടെ ആശയം വ്യക്തമാക്കുന്ന ഒരു ഫോട്ടോ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നീ സമൂഹമാധ്യമങ്ങളിൽ #greenkeralaride എന്ന ഹാഷ്ടാഗോടെ പോസ്റ്റ് ചെയ്യേണ്ടതാണ്.